Reg. No. | | | | | | | | |

**BVAMLLN 201**

**II Semester B.V.A. Examination, September 2022**

**(NEP-2020)**

**MALAYALAM (AECC)**

**(2021-22 Batch Onwards)**

Time : 2 Hours Max. Marks : 60

I. **രണ്ടോ മൂന്നോ** വാക്യത്തിൽ ഉത്തരമെഴുതുക. **(10×1=10)**

1) ശകുന്തളയെക്കുറിച്ച് കണ്വന്റെ മുഖ്യ സങ്കല്പം എന്തായിരുന്നു ?

2) സമയം അറിയാൻ ആശ്രമത്തിനു പുറത്തിറങ്ങിയ കണ്വശിഷ്യൻ കണ്ട കാഴ്ചയെന്ത് ?

3) രാജാവ് ശകുന്തളയുടെ നേർക്ക് കാണിച്ചത് മര്യാദയല്ല എന്ന് അനസൂയ പറഞ്ഞതെന്തുകൊണ്ട് ?

4) അനസൂയ മംഗളകുറിക്കൂട്ടുണ്ടാക്കുന്നതെങ്ങനെ ?

5) വൃക്ഷങ്ങൾ ശകുന്തളയ്ക്ക് യാത്രാനുവാദം നൽകിയതെങ്ങനെ ?

6) ദമയന്തിയുടെ സഹോദരന്മാർ ആരെല്ലാം ?

7) പിതാവിന്റെയടുക്കലേക്കു തിരിച്ചു പോകാമെന്നു പറഞ്ഞ ദമയന്തിയോട് തോഴി പറഞ്ഞതെന്ത് ?

8) ഭൂമിയിൽ നിന്നും ആരും മരിച്ച് സ്വർഗ്ഗത്തിലെത്താത്തതിന് എന്തുകാരണമാണ് നാരദൻ പറയുന്നത് ?

9) വിഷ്ണു കുണ്ഡിനത്തിലേക്ക് സരസ്വതിയെ അയച്ചതെന്തിന് ?

10) ഇന്ദ്രൻ നളനു കൊടുത്ത വരമെന്ത് ?

II. **രണ്ടെണ്ണ**ത്തിന്റെ ആശയം വിശദമാക്കുക. **(2×3=6)**

11) ആശാബന്ധം വിരഹക്ലേശം
വലുതെങ്കിലും പൊറുപ്പിക്കും

12) ശിരസ്സുസത്തർക്കുയരാ സമൃദ്ധിയാൽ
പരോപകാരിക്കിതു ജന്മസിദ്ധമാം.

13) കുതിക്കുമോ കൂരിരുട്ടു
കതിരോൻ കാന്തി ചിന്തവേ.

**P.T.O.**

III. **രണ്ടെണ്ണ**ത്തിന്റെ ആശയം വിശദമാക്കുക. **(2×3=6)**

14) ഏഷണിക്കു നടപ്പൻ ഞാൻ
ഏഴുരണ്ടു ലോകത്തിലും

15) മിളിതം പദയുഗളേ നിഗളതയാ
മാർഗ്ഗിതയാ ലതയാ

16) ഭക്തജനചിത്തമുണ്ടോ തപ്തമാക്കു
മാറീശന്മാർ.

IV. **രണ്ടെണ്ണ**ത്തിന് **ഒരു** പേജിൽ കവിയാതെ ഉത്തരമെഴുതുക. **(2×3=6)**

17) ദുഷ്യന്തൻ ആളെ അയയ്ക്കാതിരുന്നപ്പോൾ അനസൂയാപ്രിയംവദമാർക്കുണ്ടായ ആശങ്കയെന്ത് ?

18) കൊട്ടാരത്തിലേക്കു പ്രവേശിച്ചപ്പോൾ കണ്വശിഷ്യന്മാർക്കുണ്ടായ അനുഭവമെന്ത് ?

19) ശകുന്തളയ്ക്ക് വസ്ത്രാഭരണങ്ങൾ ലഭിച്ചതെങ്ങനെ ?

V. **രണ്ടെണ്ണ**ത്തിന് **ഒരു** പേജിൽ കവിയാതെ ഉത്തരമെഴുതുക. **(2×3=6)**

20) നളന്റെയും നാരദന്റെയും സംഭാഷണം സംഗ്രഹിക്കുക.

21) ദേവദൂതൻ എന്ന നിലയിൽ നളന്റെ പ്രകടനം എങ്ങനെയായിരുന്നു ?

22) ദമയന്തീസ്വയംവരത്തിൽ സരസ്വതി വഹിച്ച പങ്കെന്ത് ?

VI. **മൂന്നു** പേജിൽ കവിയാതെ **ഒരെണ്ണ**ത്തിന് ഉത്തരമെഴുതുക. **(1×10=10)**

23) ദുഷ്യന്തന്റെ സ്വഭാവം നിരൂപിക്കുക.

24) കാളിദാസന്റെ സ്നേഹസങ്കല്പം ശാകുന്തളത്തിൽ എങ്ങനെ തെളിയുന്നു ?

VII. **മൂന്നു** പേജിൽ കവിയാതെ **ഒരെണ്ണ**ത്തിന് ഉത്തരമെഴുതുക. **(1×10=10)**

25) നളചരിതം ഒന്നാം ദിവസത്തെ ആധാരമാക്കി നളന്റെ സ്വഭാവം നിരൂപിക്കുക.

26) നളചരിതത്തിന്റെ കാവ്യപരമായ മേന്മ വിലയിരുത്തുക.

VIII. വ്യാകരണം. **(1×6=6)**

27) ഭേദക വിഭാഗങ്ങളേവ ?